103

TAPAL Date: 27.10.15 D(O) D(DW)

3363

**കേരള സർക്കാർ**

*സംഗ്രഹം*

തദ്ദേശ സ്വയംഭരണ വകുപ്പ് – ശബരിമല തീർത്ഥാടനം– പ്ലാസ്റ്റിക്, മറ്റ് ജൈവാപത്കരമായ വസ്തുക്കൾ നിരോധിച്ചുകൊണ്ടുള്ള ഹൈക്കോടതി ഉത്തരവിനെത്തുടർന്ന് പ്ലാസ്റ്റിക് ഫ്രീ ശബരിമല പദ്ധതിയുടെ തുടർച്ചയായി ഗ്രീൻ പ്രോട്ടോക്കോൾ ശബരിമല നടപ്പിലാക്കുന്നതിനായി അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

================================================================================

തദ്ദേശ സ്വയംഭരണ (ഡിസി) വകുപ്പ്

സ.ഉ (എം.എസ്)നം. 321 /2015/തസ്വഭവ തീയതി, തിരുവനന്തപുരം. 15.10.2015

================================================================================

പരാമർശം :- ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 06.10.2015-ലെ കത്ത്.

**<u>ഉത്തരവ്</u>**

ശബരിമല സ്പെഷ്യൽ കമ്മീഷണറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ തൻവർഷത്തെ (2015–16) ശബരിമല തീർത്ഥാടനത്തോട് അനുബന്ധിച്ച് ശബരിമല സന്നിധാനം, പമ്പ, നിലയ്ക്കൽ, പമ്പ മുതൽ സന്നിധാനം വരെയുള്ള ട്രെക്കിംഗ് വഴി എന്നിവിടങ്ങളിൽ പ്ലാസ്റ്റിക്, മറ്റ് ജൈവാപത്കരമായ വസ്തുക്കൾ എന്നിവ വിൽക്കുന്നതും കൈകാര്യം ചെയ്യുന്നതും നിരോധിക്കാൻ മുൻവർഷങ്ങളിലെപ്പോലെ നടപടി സ്വീകരിക്കണമെന്ന് 05.08.2015–ൽ ബഹുമാനപ്പെട്ട ഹൈക്കോടതി ഉത്തരവാകുകയുണ്ടായി.

2. മുൻ ശബരിമല സീസണിൽ പത്തനംതിട്ട ജില്ലാകളക്ടറുടെ നേതൃത്വത്തിൽ പ്ലാസ്റ്റിക് വിമുക്ത ശബരിമല എന്നൊരു പ്രോജക്ട് വിജയകരമായി നടപ്പിലാക്കിയതായി റിപ്പോർട്ട് ചെയ്യുകയും ബഹുമാനപ്പെട്ട ഹൈക്കോടതി ഉത്തരവിനെത്തുടർന്ന് തൻവർഷത്തെ (2015–16) ശബരിമല സീസണിലും കൂടുതൽ ഊർജ്ജിതമായി പ്ലാസ്റ്റിക് വിമുക്തപ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നതിലേയ്ക്ക് ഗ്രീൻ പ്രോട്ടോക്കോൾ ശബരിമലയുടെ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിനുള്ള ശുപാർശകൾ ശുചിത്വമിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ പരാമർശത്തിലെ കത്ത് പ്രകാരം സർക്കാരിലേയ്ക്ക് സമർപ്പിക്കുകയുണ്ടായി.

3. പ്ലാസ്റ്റിക് ഫ്രീ ശബരിമല പദ്ധതി കൂടുതൽ വ്യാപകമാക്കുന്നതിനും തീർത്ഥാടനം പരിസ്ഥിതി സൗഹൃദമാക്കുന്നതിനും വേണ്ടി പത്തനംതിട്ട ജില്ലാ ഭരണകൂടവും ശുചിത്വ മിഷനും പത്തനംതിട്ട ജില്ലാകളക്ടറുടെയും ശുചിത്വമിഷൻ ഡയറക്ടറുടെയും നേതൃത്വത്തിൽ Knowledge partner ആയ പെലിക്കൻ ഫൗണ്ടേഷന്റെ സഹായത്തോടെ ഗ്രീൻ പ്രോട്ടോക്കോൾ ശബരിമല നടപ്പാക്കുന്നതിനായി താഴെപ്പറയുന്ന ശുപാർശകളിന്മേൽ ശുചിത്വമിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ അനുമതി ആവശ്യപ്പെട്ടു.

(a) പുനരുപയോഗ സാധ്യമായ വസ്തുക്കളുടെ ഉപയോഗം പ്രോത്സാഹിപ്പിക്കുന്നതിനും ഗ്രീൻ പ്രോട്ടോക്കോൾ നടപ്പിലാക്കുന്നതിലൂടെ മാലിന്യ ഉൽപ്പാദനം കുറയ്ക്കുന്നതിനുമുള്ള പ്രവർത്തനങ്ങൾ.

[.. 2 ]

(b) ശാസ്ത്രീയമായ മാലിന്യ സംസ്ക്കരണ രീതിയിലൂടെ പരിസ്ഥിതിയെ സംരക്ഷിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ.

(c) ആവശ്യമായ ടോയ്ലെറ്റുകളും അനുബന്ധ ശുചീകരണ സൗകര്യങ്ങളും ഏർപ്പെടുത്തി ശബരിമലയിലെ ശുചിത്വ സൗകര്യങ്ങൾ മെച്ചപ്പെടുത്താനുള്ള പ്രവർത്തനങ്ങൾ.

(d) നിലവിൽ നടപ്പിലാക്കി വരുന്ന പ്ലാസ്റ്റിക് വിമുക്ത ശബരിമല യജ്ഞം എല്ലാ തെക്കൻ സംസ്ഥാനങ്ങളിലേയ്ക്കും വ്യാപിപ്പിച്ച് അവിടെ നിന്നും തീർത്ഥാടനത്തിനായി എത്തുന്ന അയ്യപ്പൻമാരുടെ ഇക്കാര്യത്തിലുള്ള സഹകരണം ഉറപ്പാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ.

(e) ആവശ്യമെങ്കിൽ ഈ വിഷയം സംബന്ധിച്ച ഹൈക്കോടതി നിർദ്ദേശങ്ങൾ നടപ്പിലാക്കുന്നതിനായി ക്രിമിനൽ പ്രൊസീജിയർ കോഡിലെയും പോലീസ് ആക്ടിലേയും വകുപ്പുകൾ പ്രകാരം നടപടി എടുക്കാനുള്ള അധികാരം ജില്ലാഭരണകൂടത്തിന് നൽകുന്നതിനുള്ള അനുവാദം.

4. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും പ്ലാസ്റ്റിക് വിമുക്ത ശബരിമല പദ്ധതിയുടെ തുടർച്ചയായി ഗ്രീൻ പ്രോട്ടോക്കോൾ ശബരിമല നടപ്പാക്കുന്നതിനുവേണ്ടി ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ സമർപ്പിച്ച മേൽ ഖണ്ഡിക 3-ലെ നിർദ്ദേശങ്ങൾ അംഗീകരിച്ചുകൊണ്ട് സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻപ്രകാരം)

**ജെയിംസ് വർഗീസ്**
*പ്രിൻസിപ്പൽ സെക്രട്ടറി*

*ജില്ലാകളക്ടർ, പത്തനംതിട്ട*
*എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വമിഷൻ, തിരുവനന്തപുരം*
*പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (Audit)/(A&E)/(LBA&A), കേരളം, തിരുവനന്തപുരം.*
*ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ*
*ആരോഗ്യകുടുംബക്ഷേമ വകുപ്പ്*
*ധനകാര്യ വകുപ്പ്*
*പരിസ്ഥിതി വകുപ്പ്*
*പൊതുമരാമത്ത് വകുപ്പ്*
*കരുതൽ ഫയൽ/ ഓഫീസ് കോപ്പി.*

*പകർപ്പ്: ചീഫ് സെക്രട്ടറിയുടെ അഡീഷണൽ സെക്രട്ടറിയ്ക്ക്*
*തദ്ദേശസ്വയംഭരണ പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എയ്ക്ക്*
*റവന്യൂ (ദേവസ്വം) വകുപ്പ് സെക്രട്ടറിയുടെ പി.എയ്ക്ക്*
*ധനകാര്യ അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എയ്ക്ക്*
*ആഭ്യന്തര- വിജിലൻസ് വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എയ്ക്ക്.*

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ